## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :2885** 20-03-2015-ൽ മറുപടിക്ക്

**മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിന് നടപടി**

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മാവേലി സ്റ്റോറുകളെ ആധുനിക സൗകര്യങ്ങളോട് കൂടിയ സൂപ്പർ മാർക്കറ്റുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ശരാശരി പ്രതിമാസ വിറ്റുവരവ് 10 ലക്ഷം രൂപയിൽ കൂടുതലുള്ള മാവേലിസ്റ്റോറുകളെ സൂപ്പർമാർക്കറ്റുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇപ്രകാരം 01.04.2012 മുതൽ ഇതുവരെ 20 മാവേലിസ്റ്റോറുകൾ സൂപ്പർമാർക്കറ്റുകളായും 2 മാവേലിസ്റ്റോറുകൾ പീപ്പിൾസ് ബസാറുകളായും ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ എത്ര മാവേലി സ്റ്റോറുകളിലാണ് ആദ്യഘട്ടത്തിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത്; | (ബി) | 10 ലക്ഷം രൂപയിൽ കൂടുതൽ ശരാശരി പ്രതിമാസ വിറ്റുവരവ് ഉള്ള 61 മാവേലിസ്റ്റോറുകൾ നിലവിലുണ്ട്. ഈ മാവേലിസ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളാക്കി ഉയർത്തുന്നതിനെ സംബന്ധിച്ച് സാധ്യതാപഠനം നടത്തി, പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവ സൂപ്പർ മാർക്കറ്റുകളായി ഉയർത്തി പ്രവർത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കൊണ്ടോട്ടി നഗരത്തിലുള്ള മാവേലി സ്റ്റോറിനെ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കൊണ്ടോട്ടി മാവേലിസ്റ്റോറിന്റെ ശരാശരി പ്രതിമാസ വിറ്റുവരവ് 5.94 ലക്ഷം മാത്രമായതിനാൽ പ്രസ്തുത മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റാക്കി ഉയർത്തുന്നതിനുള്ള നടപടി തൽക്കാലം സ്വീകരിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത മാവേലിസ്റ്റോറിലെ വിറ്റുവരവ് 10 ലക്ഷത്തിന് മുകളിലാകുന്ന മുറയ്ക്ക്, ഈ മാവേലിസ്റ്റോർ സൂപ്പർമാർക്കറ്റാക്കി ഉയർത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ